**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 345** **12.01.2021 - ൽ മറുപടിക്ക്.**

# റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീമതി സി. കെ. ആശ**<br>**ശ്രീ. എൽദോ എബ്രഹാം :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് ഗുണഭോക്താക്കളുടെ അപേക്ഷകൾക്കനുസൃതമായി, പുതിയ റേഷൻകാർഡുകൾ തയ്യാറാക്കുന്നതിനും നിലവിലുള്ള റേഷൻകാർഡുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമായി സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഉപയോഗിക്കുന്ന ഒരു സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനാണ് റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം(RCMS). കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ആണ് ഭക്ഷ്യ പൊതുവിതരണ വകുപ്പിനു വേണ്ടി RCMS വികസിപ്പിച്ചത്. 100% റേഷൻകാർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുള്ളതും ആയതിന്റെ എല്ലാ അപ്ഡേഷനുകളും യഥാസമയം ഓൺലൈനായിത്തന്നെ ചെയ്യാവുന്നതുമായ E-RCMS(Electronic RCMS) എന്ന version ആണ് 2018 മുതൽ ഉപയോഗിക്കുന്നത്. പുതിയ റേഷൻകാർഡുണ്ടാക്കുക, കാർഡിലെ അംഗങ്ങളുടെ പേരുകൾ നീക്കം ചെയ്യുക, പേരുകൾ ട്രാൻസ്ഫർ ചെയ്യുക, കാർഡ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് കാർഡുണ്ടാക്കുക, കാർഡിലുള്ള തെറ്റുകൾ തിരുത്തുക തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി പതിനെട്ടോളം വ്യത്യസ്ത സർവ്വീസുകളാണ് RCMSലൂടെ ലഭ്യമാക്കിയിട്ടുള്ളത്. റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പൊതുജനങ്ങൾക്ക് സ്വന്തമായി RCMSന്റെ ഭാഗമായിട്ടുള്ള സിറ്റിസൺ ലോഗിൻ മുഖേനയും അക്ഷയ സെന്ററുകളിലുള്ള അക്ഷയ ലോഗിൻ |

മുഖേനയും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ഇതു വരെയായി 56,25,742 അപേക്ഷകളാണ് E-RCMS ലൂടെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്.

**(ബി)** പുതുതായി റേഷൻകാർഡ് വിതരണം ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ;

**(ബി)** പുതിയ റേഷൻകാർഡ് , പേരു ചേർക്കൽ, പേരു കുറവു ചെയ്യൽ, കാർഡ് ഒരു താലൂക്കിൽ നിന്നും മറ്റൊരു താലൂക്കിലേക്ക് മാറ്റൽ, തിരുത്തലുകൾ തുടങ്ങിയ റേഷൻകാർഡുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലുമായി ലഭിച്ച 56.21 ലക്ഷം അപേക്ഷകൾ സ്വീകരിക്കുകയും അതിൽ 1.95 ലക്ഷം അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 53.45 ലക്ഷം(98.51%) അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ല/താലൂക്ക് സപ്ലൈ ഓഫീസുകളിലും സ്വീകരിച്ച് വരുന്നു.

**(സി)** റേഷൻകാർഡ് വിവരങ്ങൾ സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളുമായും ഏജൻസികളുമായും പങ്കുവയ്ക്കുന്നു എന്നറിയിക്കുമോ,

**(സി)** റേഷൻകാർഡ് വിവരങ്ങൾ പങ്കുവയ്ക്കുന്ന കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ വകുപ്പുകൾ/ ഏജൻസികൾ താഴെ പറയുന്ന പ്രകാരമാണ്.

<u>സംസ്ഥാന സർക്കാർ വകുപ്പുകൾ/ഏജൻസികൾ</u>

1. CMDRF -CDIT
2. e- District(Revenue Department)- IT Mission
3. Pension (Finance Department) - Information Kerala Mission
4. Supplyco
5. Rebuild Kerala- IT Mission
6. Flood relief - Information Kerala Mission
7. Unnathi - Chief Secretary's Office
8. PMKISAN - Agriculture Department.
9. State Health Agency- Health Department.

<u>കേന്ദ്രസർക്കാർ വകുപ്പ്/ഏജൻസികൾ</u>

10. Department of Food & Public Distribution - PDS National Dashboard
11. IMPDS- Central repository(One Nation One Card)

| | | | |
|---|---|---|---|
| (ഡി) | ഇലക്ട്രോണിക് റേഷൻ കാർഡുകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇ-ആധാർ മാതൃകയിൽ അപേക്ഷകന് സ്വയം പ്രിന്റ് ചെയ്തെടുക്കാൻ കഴിയുന്ന ഇ-റേഷൻകാർഡ് (ഇലക്ട്രോണിക് റേഷൻകാർഡ്) സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ അക്ഷയ ലോഗിൻ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ അംഗീകരിച്ചതിനു ശേഷം പുസ്തക രൂപത്തിലുള്ള റേഷൻകാർഡ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ തന്നെ അച്ചടിച്ച് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഇ-റേഷൻകാർഡ് സംവിധാനം നിലവിൽ വരുമ്പോൾ, താലൂക്ക് സപ്ലൈ ഓഫീസർ അംഗീകരിച്ച ഉടനെ തന്നെ അപേക്ഷകന് അക്ഷയ ലോഗിൻ മുഖേനയോ സിറ്റിസൻ ലോഗിൻ മുഖേനയോ തന്നെ പുതിയ മാതൃകയിലുള്ള ഇ-റേഷൻകാർഡ് സ്വയം പ്രിന്റ് ചെയ്തെടുക്കുന്നതിന് സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**